## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1112** **11.02.2016 ൽ മറുപടിയ്ക്ക്**

## കാക്കാഴം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ജി.സുധാകരൻ | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) | കാക്കാഴം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ എന്നാണ് സർക്കാർ ഏറ്റെടുത്തത്; ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (എ) | 18.01.2011 ലെ സ.ഉ.(എം.എസ്) നം.9/2011/പൊ.വി ഉത്തരവ് പ്രകാരമാണ് കാക്കാഴം ഹൈസ്കൂൾ സർക്കാർ ഏറ്റെടുത്തത്. ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായി. |
| (ബി) | സ്കൂൾ വക സ്വത്തുക്കൾ സർക്കാരിന് നൽകുന്ന ഗിഫ്റ്റ്ഡീഡ് അംഗീകരിച്ചുവോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | ഭേദഗതി വരുത്തിയ ഗിഫ്റ്റ് ഡീഡ് 08.02.2016 ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു. |
| (സി) | ഈ സ്കൂളിലെ ജീവനക്കാരുടെ ശമ്പളം, വാർഷിക ഇൻക്രിമെന്റ്, ഗ്രേഡ്, പ്രൊവിഡന്റ് ഫണ്ട് തുടങ്ങിയ എല്ലാ കാര്യങ്ങളും സർക്കാർ നിയോഗിച്ച ഹെഡ്മാസ്റ്റർ ഉണ്ടെങ്കിൽ പോലും ഇപ്പോഴും ജില്ലാ വിദ്യാഭ്യാസ ഓഫീസിലാണ് പാസ്സാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | ഗവൺമെന്റ് ഏറ്റെടുക്കുന്ന സന്ദർഭത്തിൽ പ്രസ്തുത സ്കൂളിൽ ജോലി നോക്കിയിരുന്ന ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള കാര്യങ്ങൾ ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ തന്നെയാണ് നിർവഹിച്ചിരുന്നത്. ടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചാൽ മാത്രമേ പ്രസ്തുത സ്കൂളിലെ പ്രഥമാദ്ധ്യാപകന് ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങൾ നിർവഹിക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | പ്രൊബേഷൻ പ്രഖ്യാപനം പോലും നടത്താതെ അഞ്ചു വർഷമായി വാർഷിക ഇൻക്രിമെന്റ് പോലും ലഭിക്കാതെ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവരുടെ ആനുകൂല്യങ്ങൾ അടിയന്തിരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പബ്ലിക് സർവ്വീസ് കമ്മീഷന്റെ അനുമതിക്ക് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ